# ചെമ്പൈ പുരസ്കാരം 2026
# നിയമാവലി

1. ഈ അവാർഡിന്റെ പേര് ''ചെമ്പൈ പുരസ്ക്കാരം'' എന്നായിരിക്കും.
2. താഴെ പറയുന്ന അഞ്ച് വിഭാഗങ്ങളിലായിരിക്കും അവാർഡുകൾ.
   - ◆ കർണ്ണാടക സംഗീതം - വായ്പാട്ട്
   - ◆ കർണ്ണാടക സംഗീതം - വീണ /ഫ്ളൂട്ട്
   - ◆ കർണ്ണാടക സംഗീതം - വയലിൻ
   - ◆ കർണ്ണാടക സംഗീതം - ഗഞ്ചിറ/ഘടം/മോർസിംഗ്
   - ◆ കർണ്ണാടക സംഗീതം - മൃദംഗം
3. ക്യാഷ് അവാർഡ് : വോക്കൽ 25000/- രൂപ, മറ്റ് അവാർഡുകൾ - 10000/-രൂപ വീതം
4. ഓരോ വിഭാഗത്തിലും ഒരു വർഷം ഒരാൾക്ക് മാത്രം അവാർഡ് നൽകുന്നതാണ്.
5. സംസ്ഥാന സർക്കാരിന്റെ സാംസ്കാരിക വകുപ്പിന്റെ ആഭിമുഖ്യത്തിൽ കേരളീയനായ ഒരാൾക്കാണ് ഈ പുരസ്ക്കാരം നൽകുന്നത് .
6. അവാർഡിന് പരിഗണിക്കപ്പെടുന്നതിന് താഴെപ്പറയുന്ന യോഗ്യതകൾ നിർബന്ധമാണ്.
   1. ഗവൺമെന്റ് അംഗീകൃത കോളേജുകളിൽ നിന്നും സംഗീതം (ബന്ധപ്പെട്ട വിഭാഗത്തിൽ) ബിരുദം/ ബിരുദാനന്തര ബിരുദം.
   2. ആകാശവാണി ഗ്രേഡേഷൻ (അതാത് വിഭാഗത്തിൽ)
   3. സംഗീത കച്ചേരി നടത്തിയുള്ള പരിചയം: അവാർഡിന് പരിഗണിക്കുന്നതിന് തൊട്ടുമുമ്പുള്ള മൂന്ന് വർഷങ്ങളിൽ പ്രസിദ്ധിയാർജ്ജിച്ച വിവിധ കേന്ദ്രങ്ങളിൽ കുറഞ്ഞത് അഞ്ച് കച്ചേരിയെങ്കിലും നടത്തിയിരിക്കണം. / പക്കവാദ്യം വായിച്ചിരിക്കണം
   4. പ്രായം അവാർഡ് വർഷം സെപ്റ്റംബർ ഒന്നാം തീയതി 35 വയസ്സിൽ കുറവായിരിക്കണം.
7. താഴെപ്പറയുന്നവ അധിക യോഗ്യതകളായി പരിഗണിക്കപ്പെടുന്നതാണ്.
   1. കേന്ദ്ര/സംസ്ഥാന സർക്കാരിൽ നിന്നും ലഭിച്ച സംഗീതത്തിനുള്ള സ്കോളർഷിപ്പ്
   2. ലഭിച്ചിട്ടുള്ള മറ്റ് അംഗീകാരങ്ങൾ/ അവാർഡ്/ പുരസ്ക്കാരം.
   3. കർണാടക സംഗീതക്കച്ചേരിയുടെ സിഡി/ കാസറ്റ് പുറത്തിറക്കുക.
8. മേൽപറഞ്ഞ യോഗ്യതയുള്ളവർ അവാർഡിന് പരിഗണിക്കപ്പെടുന്നതിനായി യോഗ്യതകൾ തെളിയിക്കുന്നതിനുള്ള രേഖകൾ സഹിതം തയ്യാറാക്കിയ അപേക്ഷ ചെമ്പൈ സ്മാരക ട്രസ്റ്റ് ചെയർമാന് നിശ്ചിത തീയതിക്കകം സമർപ്പിക്കേണ്ടതാണ്. അപേക്ഷാഫാറം തിരുവനന്തപുരം ചെമ്പൈ സ്മാരകട്രസ്റ്റിൽ ലഭിക്കുന്നതാണ്. (ചെമ്പൈ മെമ്മോറിയൽ ട്രസ്റ്റ്, ശ്രീവരാഹം, തിരുവനന്തപുരം -695009) അപേക്ഷയോടൊപ്പം ഒരു പാസ്പോർട്ട് സൈസ് ഫോട്ടോ ഒട്ടിച്ചിരിക്കണം. തിരുവനന്തപുരം ചെമ്പൈ മെമ്മോറിയൽ ട്രസ്റ്റിന്റെ http://chembaitrust.com എന്ന വെബ്സൈറ്റിൽ നിന്നും അപേക്ഷയും നിയമാവലിയും ഡൗൺലോഡ് ചെയ്യാം.
9. ചെമ്പൈ മെമ്മോറിയൽ ട്രസ്റ്റ് ഭാഗവതരുടെ ജന്മദിനാഘോഷ തീയതി അറിയിക്കുന്ന മുറയ്ക്ക് ആ വർഷത്തെ അവാർഡ് പ്രഖ്യാപിക്കും.
10. മേൽപ്പറഞ്ഞ എല്ലായോഗ്യതകളും ഉള്ള അപേക്ഷകർ ഇല്ലാതെ വന്നാൽ ഓരോ വിഭാഗത്തിലും ലഭ്യമായ അപേക്ഷകളിൽ നിന്നും ഏറ്റവും കൂടുതൽ യോഗ്യതകൾ ഉള്ള ഒരാളെ പുരസ്ക്കാരത്തിനായി, പുരസ്കാര നിർണ്ണയ സമിതിക്ക് തെരഞ്ഞെടുക്കാവുന്നതാണ്.
11. നിയമാവലിയിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തുവാൻ സർക്കാരിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.